**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ സ്ഥാപിച്ച ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടോ; വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>പാറശ്ശാല നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലത്തിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല.<br><br>പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ പട്ടിക **അനുബന്ധം** ആയി ചേർത്തിരിക്കുന്നു<br><br>**അനെർട്ട്**<br><br>പാറശ്ശാല മണ്ഡലത്തിൽ അനെർട്ട് മുഖേന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല. |
| (ബി) | ഇവിടെ സ്ഥാപിച്ച എല്ലാ സ്റ്റേഷനുകളും സുഗമമായി പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ സുഗമമായി പ്രവർത്തിച്ചു വരുന്നുണ്ട്. എന്നിരുന്നാലും വൈദ്യുതി തടസ്സം, നെറ്റ്‌വർക്ക് ലഭ്യതക്കുറവ്, ഉപകരണങ്ങളുടെ തകരാറ് മുതലായ കാരണങ്ങൾ കൊണ്ട് ചില സമയങ്ങളിൽ പ്രവർത്തനതടസ്സം ഉണ്ടാകാറുണ്ട്. ആയത് ഉടനെ പരിഹരിച്ച് പോകുന്നു. മാത്രമല്ല, ഒറ്റശേഖരമംഗലം സെക്ഷന്റെ കീഴിൽ വരുന്ന മണ്ഡപത്തിൽകടവ് എന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷൻ, മെഷീൻ തകരാർ മൂലം പ്രവർത്തനരഹിതമാണ്. ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇക്കാലയളവിൽ പ്രസ്തുത ചാർജിംഗ് സ്റ്റേഷ്യകളിലൂടെ കെ. എസ്. ഇ. ബി. ക്ക് എത്ര രൂപയുടെ വരുമാനം ഉണ്ടായി എന്നുള്ള വിവരം അറിയിക്കാമോ; | (സി) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഇക്കാലയളവിൽ പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളിലൂടെ 18% GST – ഉൾപ്പെടെ, |

| | | | |
|---|---|---|---|
| | | | 19052.52 രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ഡി) | കൂടുതൽ സ്ഥലങ്ങളിലേക്ക് ചാർജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ; വിവരം അറിയിക്കാമോ? | (ഡി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുതവാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ച് കൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിംഗ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് വൈദ്യുതവാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. തുടർന്ന് സ്വകാര്യനിക്ഷേപം ഈ മേഖലയിലേക്ക് ഒഴുകിവരുകയും ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥല ലഭ്യത, ബഡ്ജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും, എംഎൽഎ-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും, ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തെരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.<br><br>**<u>അനെർട്ട്</u>** |

| | | | |
|---|---|---|---|
| | | | കൂടുതൽ സ്ഥലങ്ങളിലേക്ക് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുന്നതിനു നടപടികൾ ആലോചനയിലുണ്ട്. വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടും, കൂടാതെ ദേശീയപാത/സംസ്ഥാന പാതയോട്ടു ചേർന്ന് Cafeteria, Washroom സൗകര്യത്തോടു കൂടിയുള്ള 800sq.ft മുതൽ 1000sq.ft വരെ സ്ഥലവും 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Pole Mounted Charginf Stations Installed at Parassala Constituency | | |
|---|---|---|
| Sl.No | Location | Section |
| 1 | Puthenkada | Parassala |
| 2 | Kollayil/Dhanuvachapuram | Udiyankulangara |
| 3 | Kunnathukal Jn. | Kunnathukal |
| 4 | Perumkadavila Jn | Marayamuttam |
| 5 | Vellarada-Karamoodu | Vellarada |
| 6 | Mandapathinkadavu | Ottashekharamangalam |